LIBRARY ARCHIVES Kerala Legislative Assembly

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ) 358 മൈൽ.

(ബി) 24 ബസ്സുകൾ.

(സി) ഇല്ല.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: മലബാറിൽ ഏതെങ്കിലും ഭാഗത്തു് പുതിയ ടൗൺസ്സോർട്ടു് ബസ്സു് ഓടുവാൻ ഏർപ്പാടുചെയ്തിട്ടുണ്ടോ?

മിസ്സർ സ്പീക്കർ: അതിനാന്തരന്യാസത്തിലാണു് ചോദ്യം.

ശ്രീ. ടി. വി. തോമസ്: ചില സ്ഥലങ്ങളിലേക്കു് ലൈൻ നീട്ടുന്നതിനും പുതിയ ലൈൻ നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടു്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: അതു് എവിടെയൊക്കെയാണെന്നു പറയാമോ?

ശ്രീ. ടി. വി. തോമസ്: ഏതൊക്കെയാണെന്നു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എം. നാരായണക്കുറുപ്പു്: അതിൽ എക്സ്പ്രസ്സു് ലൈൻ എത്രയെന്നും ഷട്ടിൽ സർവ്വീസു് എത്രയെന്നും പറയാമോ?

ശ്രീ. ടി. വി. തോമസ്: അതിനുള്ള വിവരങ്ങളും ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. കെ. ഇമ്പിച്ചിബാവ: നെന്മാറ, ചിറ്റൂർ മുതലായ സ്ഥലങ്ങളിൽ ടൗൺസ്സോർട്ടു് ലൈൻ ഇടുവാൻ ഭയമുണ്ടാകുമോ?

ശ്രീ. ടി. വി. തോമസ്: അതു് ഇപ്പോൾ തീർച്ചപറയുവാൻ സാധ്യമല്ല.

ക്ലെറിക്കൽ അറേൻഡർമാർ.

* 1407. [36] ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: താഴെകാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ഭാഗത്തു് ക്ലെറിക്കൽ അറേൻഡർമാരായി എത്രപേർ ജോലിചെയ്യുന്നുണ്ടു്;

(ബി) 40-80 രൂപ ഗ്രേഡിൽ ഇവരുടെ ശമ്പളം 1958 ഏപ്രിൽ മുതൽ കൊടുക്കേണ്ടതാണെന്നു് പേക്കമ്മിഷൻ ശുപാർശ ചെയ്തിരുന്നുവോ;

(സി) ഈ ശുപാർശ ഗവണ്മെൻറു് അംഗീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനനുസരിച്ചു് ശമ്പളം നൽകിവരുന്നുണ്ടോ; ഇല്ലെങ്കിൽ ക്ലെറിക്കൽ അറേൻഡർമാരെ സംബന്ധിച്ചു് ഈ ശമ്പളവ്യവസ്ഥ നടപ്പിൽ വരുത്തുവാൻ ഗവണ്മെൻറു് അടിയന്തിരനടപടി എടുക്കുമോ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) എത്രപേരുണ്ടെന്നു് ഇപ്പോൾ കൃത്യമായി പറയുവാൻ നിവൃത്തിയില്ല.

(ബി, സി) ക്ലെറിക്കൽ അറേൻഡർമാർക്കു് പ്രത്യേകം സ്കെയിൽ ശുപാർശ ചെയ്തിരുന്നില്ല. ശമ്പളപരിഷ്കരണക്കമ്മീഷന്റെ ശുപാർശയിന്മേൽ ഗവണ്മെൻറു് ഉത്തരവു പുറപ്പെടുവിക്കുകയാണു ചെയ്തതു്. അറേൻഡർമാരെ മൂന്നു തരമായി തിരിച്ചു. സാങ്കേതികമായി ചില ജോലികൾ ചെയ്യുന്ന അറേൻഡർമാർക്കു് 35-60 രൂപയും, സാങ്കേതികമല്ലാത്ത ജോലിചെയ്യുന്ന അറേൻഡർമാർക്കു് 35-45 രൂപയും, ക്ലാർക്കു് ജോലി ചെയ്യുന്നവർക്കു് 40-80 രൂപയും നിശ്ചയിക്കുകയാണു് ചെയ്തതു്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : ക്ലെറിക്കൽ അറൻഡർമാക്ക് 40–80 രൂപ ശമ്പളം ഇപ്പോൾ കൊടുത്തുവരുന്നുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : പൊതുവായി അറൻഡർമാരുടെ സ്കെയിൽ നിശ്ചയിച്ചുകൊണ്ട് ഗവണ്മെൻറ് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. ആ ഉത്തരവിൻെറ അടിസ്ഥാനത്തിൽ ഓരോ ഡിപ്പാർട്ടുമെൻറിലുമുള്ള അറൻഡർമാരെ മൂന്നായി തരംതിരിച്ചു് അവരവക്കുള്ള ശമ്പളം ഡിപ്പാർട്ടുമെൻറിൽനിന്നു നിശ്ചയിക്കുന്നതാണു്. ഒന്നാരണ്ടു ഡിപ്പാർട്ടുമെൻറിൽ അങ്ങനെ കൊടുത്തിട്ടില്ല. ബാക്കിയുള്ള എല്ലാ ഡിപ്പാർട്ടുമെൻറുകളിലും കൊടുത്തിട്ടുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പു് : അതു് ഒരു പ്രത്യേക തീയതിമുതൽ എല്ലാ ദിക്കിലും ബാധകമാണെന്നു് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : 1-4-1958 മുതൽ അതു് എല്ലാ ദിക്കിലും ബാധകമാക്കണമെന്നു പറഞ്ഞിട്ടുണ്ടു്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : എന്തു മാനദണ്ഡം വച്ചാണു് അറൻഡർമാരെ തരം തിരിക്കുന്നതു് ?

ശ്രീ. സി. അച്യുതമേനോൻ : ക്ലറിക്കൽ ജോലി ചെയ്യുന്നവക്കു് 40–80 രൂപയും, സാങ്കേതികമല്ലാത്ത ജോലിചെയ്യുന്നവക്കു് 35–45 രൂപയും, കുറച്ചു് സാങ്കേതികമായിട്ടുള്ള ജോലിചെയ്യുന്നവക്കു് 35–60 രൂപയും എന്ന കണക്കിൽ തരംതിരിക്കുകയാണു് ചെയ്യുന്നതു്.

Japanese Method of Paddy Cultivation.

* 1408. [37]† **Smt. Leela Damodara Menon :** Will the Minister for Finance be plased to state :

(a) the total acreage under Japanese method of paddy cultivation ;

(b) the estimated increase in production in those areas by the method of cultivation ; and

(c) the increased expenditure for the cultivation ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) 451,553 ഏക്കർ.

(ബി) 32,254 ടൺ.

(സി) 30-35 രൂപ, ഒരേക്കറിനു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ജാസ്തി വളമിട്ടു് കൃഷിചെയ്യുന്നതൊക്കെ ജാപ്പനീസു് മെത്തേഡാണെന്നു കണക്കാക്കിയതുകൊണ്ടു് ജപ്പാൻ മാതൃകയിൽ കൃഷിചെയ്യുന്നതിൻെറ കണക്കു പറഞ്ഞതിൽ ചില വ്യത്യാസം വന്നുപോയിട്ടുണ്ടെന്നും അതു് പരിശോധിക്കുന്നതാണെന്നും പറഞ്ഞിരുന്നു. അതുകൊണ്ടു് യഥാർത്ഥത്തിൽ ജപ്പാനീസു് മെത്തേഡിൽ കൃഷിചെയ്യുന്നതിൻെറ കണക്കു് ശേഖരിക്കുന്നതിനു വേണ്ട നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. സി. അച്യുതമേനോൻ : പുതിയ നിർദ്ദേശം കൊടുത്തിട്ടുണ്ടു്. ഇന്നയിന്ന ജോലികൾ ചെയ്യുന്നതിനു മാത്രമേ ജാപ്പനീസു് മെത്തേഡായിട്ടു് കണക്കാക്കാവൂ എന്നു പറഞ്ഞിട്ടുണ്ടു്. അതിൻെറ അടിസ്ഥാനത്തിലുള്ള കണക്കാണു് ഇവിടെ പറഞ്ഞതു്.

---

† As the member was absent the question was put by Shri K. K. Viswanathan with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly